# കേരള സർക്കാർ

# കല്ലട ജലസേചന പദ്ധതി

## ദർഘാസ് പരസ്യം

നം. ഡി1. 576/98 തീയതി : 23.01.2018

കേരള ഗവർണർക്കുവേണ്ടി കൊല്ലം കെ.ഐ.പി. (എൽബി) സബ്ഡിവിഷൻ നം. 13 അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എൻജിനീയർ താഴെ പറയുന്ന പ്രവർത്തികൾക്ക് പൊതുമരാമത്ത് / ജലവിഭവ വകുപ്പിലെ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സര സ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്രവച്ച കവറുകളിൽ **30.01.2018** ഉച്ചയ്ക്ക് 2.00 മണി വരെ രജിസ്റ്റർ ചെയ്ത തപാലിൽ ക്ഷണിച്ചുകൊള്ളുന്നു. കൊറിയർ വഴിയോ നേരിട്ടോ സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ ഓഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്ന ദിവസം അവധി ആയാൽ അതിന്റെ തൊട്ടടുത്ത പ്രവൃത്തിദിവസം പ്രസ്തുത സമയം വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. ദർഘാസുകൾ അന്നേ ദിവസം വൈകുന്നേരം 3.30 മണിക്ക് ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറക്കുന്നതാണ്. ദർഘാസിൽ പങ്കെടുക്കുന്ന കരാറുകാർ അവരുടെ കരാർ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും, ലേബർ കോൺട്രാക്റ്റ് സഹകരണ സംഘങ്ങൾ ജോയിന്റ് രജിസ്ട്രാർ നൽകുന്ന നടപ്പ് വർഷത്തെ യോഗ്യതാ പ്രമാണം, കൈവശപ്രവൃത്തികളുടെ കണക്ക് അവർക്കെടുക്കാവുന്ന പ്രവൃത്തികളുടെ സാമ്പത്തിക പരിധി സൊസൈറ്റികൾക്ക് ബാധകമായ നിബന്ധനകൾ മുതലായവ ഉൾക്കൊള്ളുന്ന പ്രമാണം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്നും ലഭിച്ചത് എന്നിവ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. ദർഘാസിൽ പങ്കെടുക്കുന്ന കരാറുകാർ അവരുടെ പാൻകാർഡിന്റെ അസ്സൽ പകർപ്പും സമർപ്പിക്കേണ്ടതാണ്.

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവർത്തിയുടെ പേരും ഉദ്ദേശ്യ അടങ്കൽ തുകയും | നിരതദ്രവ്യം | ദർഘാസ് പ്രമാണത്തിന്റെ വില | പ്രവൃത്തി തീർക്കേണ്ട കാലാവധി | കരാറുകാരുടെ തരം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| 1 | 06/AEE/ 2017-18 | കെ.ഐ.പി. (എൽബി) സെക്ഷൻ 19/13, കൊല്ലത്തിന്റെ അധികാരപരിധിയിലുള്ള എൽബി മെയിൻ കനാലിന്റെ ചെയിനേജ് 51350 മീ. മുതൽ 52250 മീ. വരെയുള്ള കനാലുകളിലെ 2017-18 വർഷത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട കാടു വെട്ടലും സിൽറ്റ് നീക്കം ചെയ്യലും എന്ന പ്രവൃത്തി. (അടങ്കൽ തുക 87595/-) | രൂപ 2200 /- | 500+ജി.എസ്.റ്റി(12%) | 1 മാസം | ഡി യും ഉപരി യും |
| 2 | 07/AEE/ 2017-18 | കെ.ഐ.പി.(എൽബി)സെക്ഷൻ 19/13, കൊല്ലത്തിന്റെ അധികാരപരിധിയിലുള്ള മെയിൻ കനാലിന്റെ ചെ: 41739 മീ. മുതൽ 42750 മീ. വരെയുള്ള കനാലുകളിലെ 2017-18 വർഷത്തിലെ ജലവിതരണവുമായി ബന്ധപ്പെട്ട കാട് വെട്ടലും സിൽറ്റ് നീക്കം ചെയ്യലും എന്ന പ്രവൃത്തി. (അടങ്കൽ തുക 124435 ) | രൂപ 3150/- | 500+ജി.എസ്.റ്റി(12%) | 1 മാസം | ഡി യും ഉപരി യും |

ദർഘാസ് പ്രമാണങ്ങളും മറ്റ് വിവരങ്ങളും ഈ ആഫീസിൽ നിന്നും **27.01.2018** വൈകുന്നേരം 3 മണി വരെ ലഭ്യമാണ്. ജലവിഭവ വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും ദർഘാസിനെ സംബന്ധിച്ചു നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിന് ബാധകമാണ്. ദർഘാസ് പ്രമാണത്തിന്റെ വില ട്രഷറിയിൽ നിർദ്ദിഷ്ട അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് ദർഘാസ് പ്രമാണങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും.ദർഘാസിനോടൊപ്പം 200 രൂപയുടെ മുദ്രപത്രത്തിൽ പ്രാഥമിക ഉടമ്പടി വയ്ക്കേണ്ടതാണ്.സർക്കാർ ഉത്തരവു നമ്പർ ജി.ഒ.പി. 54/97/പി & ടി തീയതി 19.09.1997 ൽ പറയുന്ന എല്ലാ വ്യവസ്ഥകളും ഈ ദർഘാസിനും ബാധകമാണ്.

കെ.ഐ.പി. (എൽബി) സബ്ഡിവിഷൻ 13
അസി. എക്സിക്യൂട്ടീവ് എൻജിനീയറുടെ കാര്യാലയം
കൊല്ലം

അസി. എക്സി. എൻജിനീയർ
കെ.ഐ.പി. (എൽബി) സബ്ഡിവിഷൻ 13
കൊല്ലം
(ഒപ്പ്. കേരള ഗവർണർക്കുവേണ്ടി)